# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/11/2024

1. 2024 നവംബർ 14 മുതൽ 27 വരെ ന്യൂ ഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ച് ഭാരത അന്താരാഷ്ട്ര വ്യാപാര മേള നടക്കുന്നു. കൃഷി വകുപ്പിന് രണ്ടു സ്റ്റാളുകളും ഫാം ഇഫർമേഷൻ ബ്യൂറോയുടെ ഒരു സ്റ്റാളും അനുവദിച്ചിട്ടുള്ളതായും ഈ വർഷത്തെ തീം 'VIKSIT BHARATH @2047' ആണ് എന്നും കൃഷി ഡയറക്ടർ അറിയിച്ചു. കേരളഗ്രോ ബ്രാൻഡ് ഉൽപ്പന്നങ്ങളും പാലക്കാട് ജില്ലയിൽ നിന്നുള്ള ATFAM ഉൽപ്പന്നങ്ങളും പ്രദർശനത്തിനും വിൽപനയ്ക്കുമായി സ്റ്റാളിൽ ലഭ്യമായിരിക്കും.

2. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപീകരിച്ച് സംസ്ഥാന കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വായ്പാ ധനസഹായ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗികൾച്ചർ ഇന്ഫ്രാസ്ട്രക്ചർ ഫണ്ട്). ചടയമംഗലം, വെട്ടിക്കവല അഞ്ചൽ, പുനലൂർ എന്നീ ബ്ലോക്കുകളിൽനിന്നും സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും സംരംഭം തുടങ്ങിയവർക്കും അഗ്രി ഇന്ഫ്രാസ്ട്രക്ചർ ഫണ്ടിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2024 നവംബർ 8 ന് രാവിലെ 10 മണിയ്ക്ക് ചടയമംഗലം ബ്ലോക്ക് ഓഫീസിൽ വച്ചു ഇതുമായി ബന്ധപ്പെട്ട ഒരു പരിപാടി സംഘടിപ്പക്കുന്നു.

3. എറണാകുളം ജില്ലയിലെ വൈറ്റില നെല്ലു ഗവേഷണ കേന്ദ്രത്തിൽ വിവിധ ഫലവൃക്ഷതൈകളായ ചാമ്പ, മാവ്, പ്ലാവ് എന്നിവയുടെയും പച്ചക്കറി തൈകളായ വഴുതന, ക്യാബേജ്, കോളിഫ്ളവർ, കറിവേപ്പ് എന്നിവയുടെയും കുറ്റിപ്പയർ, പാവൽ, പടവലം, വഴുതന, ചീര, മുളക്, വെള്ളരി, മത്തൻ, സാലഡ് വെള്ളരി, കുമ്പളം, ചുരക്ക എന്നിവയുടെ

വിത്തുകളും സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ബ്യുവേറിയ എന്നീ ജൈവ നിയന്ത്രണോപാധികളും, പതിയൻ ശർക്കര എന്നറിയപ്പെടുന്ന മധ്യതിരുവിതാംകൂർ ശർക്കര, അയർ, സൂക്ഷ്മ മൂലകമിശ്രിതം എന്നിവയും മണ്ണ്, ജലം, സസ്യപരിശോധന സൗകര്യം എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

## പരിശീലന പരിപാടി

4. കോഴിക്കോട്കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് നവംബർ മാസം **20ന് പോഷകത്തോട്ടം** എന്ന വിഷയത്തിലും **21ന് അലങ്കാര മത്സ്യകൃഷി പ്രജനനവും പരിപാലനവും** എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0496 2966041 എന്ന ഫോൺ നമ്പറിലോ kvkcalicut@gmail.com എന്ന വിലാസത്തിലോ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 നവംബർ മാസം **20ന് പോത്തുക്കുട്ടി വളർത്തൽ** എന്ന വിഷയത്തിലും, **27,28 തീയതികളിൽ പന്നിവളർത്തൽ** എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

6. കോട്ടയം ജില്ലയിലെ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 നവംബർ 06, 07 തീയതികളിൽ കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലെ ക്ഷീരകർഷകർക്കായി 2 ദിവസത്തെ തീറ്റപ്പുൽക്കൃഷി സംബന്ധിച്ച പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2024 നവംബർ 06 ന് രാവിലെ 10 മണിക്ക് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഭക്ഷണം, അർഹമായ യാത്രാബത്ത, ദിനബത്ത എന്നിവ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന ഫോൺ നമ്പറിൽ വിളിക്കേണ്ടതാണ്.

7. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 05, 06 തീയതികളിൽ (ഇന്നും നാളെയും) പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 എന്നീ നമ്പരുകളിൽ വിളിക്കുക, അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

കാർഷിക നിർദ്ദേശം

8. പച്ചക്കറി തൈകൾ

മണ്ണിൽ, സെൻറ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് സ്യൂഡോമോണാസ് ലായനി (20മില്ലി. സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ ലായനി തൈകളുടെ ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.

**മഞ്ഞൾ**

മഞ്ഞൾ ചെടിയിൽ ഗുരുതരമായി ഇല കരച്ചിൽ ബാധിച്ച ഇലകൾ മുറിച്ചുമാറ്റി തീയിലിടുക. ചെടികളിൽ കോപ്പർ ഓക്സിക്ലോറൈഡ് 2 ഗ്രം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.